**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3238** **13-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ജോബ് പോർട്ടലിന്റെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലന്വേഷകർക്ക് അനുയോജ്യമായ തൊഴിലുകൾ കണ്ടെത്തുന്നതിനും നേടിയെടുക്കുന്നതിനും പര്യാപ്തമായ രീതിയിൽ കേരള സ്റ്റേറ്റ് ജോബ് പോർട്ടലിന്റെ സേവനങ്ങൾ പരിഷ്കരിക്കണമെന്ന ആവശ്യം ഗൗരവമായി കാണുന്നുണ്ടോ;വിശദാംശം നൽകുമോ; | (എ) | **(എ)** ഉണ്ട്. തൊഴിൽ അന്വേഷകരെയും തൊഴിൽ ഉടമകളെയും ഒരു കുടകീഴിൽ എത്തിക്കുന്ന ഏകജാലകസംവിധാനമായാണ് സ്റ്റേറ്റ് ജോബ് പോർട്ടൽ പ്രവർത്തിക്കുന്നത്. അനുയോജ്യമായ തൊഴിൽ വിജ്ഞാപനങ്ങൾ പോർട്ടലിൽ വരുന്ന മുറക്ക്, വ്യക്തിഗത ഇമെയിൽ സന്ദേശം ഉദ്യോഗാർത്ഥികൾക്ക് നൽകിവരുന്നു. ഇതിന് പുറമെ ഉദ്യോഗാർഥികളുടെ പ്രൊഫൈലുകളിൽ മേൽപറഞ്ഞ തൊഴിൽ വിജ്ഞാപനങ്ങൾ കാണുന്നതിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നിലവിൽ സ്റ്റേറ്റ് ജോബ് പോർട്ടലിൽ തൊഴിൽ അന്വേഷകർക്ക് തങ്ങളുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ള തൊഴിൽ കണ്ടെത്താനും തൊഴിൽ ദാതാക്കൾക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥി കളെ കണ്ടെത്താനും ഉള്ള സംവിധാനം ലഭ്യമാണ്. കൂടാതെ തൊഴിൽ ഉടമകൾക്ക് ഓൺലൈൻ മുഖാന്തരം ഇന്റർവ്യൂ സംഘടിപ്പിക്കുന്നതിനുള്ള ഓപ്ഷൻ സ്റ്റേറ്റ് ജോബ്പോർട്ടലിൽ നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്. ഇതിനു പുറമെ തൊഴിൽ ഉടമകളുടെയും ഉദ്യോഗാർത്ഥികളുടെയും പരാതികളും സംശയങ്ങളും പരിഹരിക്കുന്നതിന് ഒരു ടെലി-കോളറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ജോബ് പോർട്ടലിന്റെ സേവനത്തിലേക്ക് കൂടുതൽ തൊഴിൽ ഉടമകളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | **(ബി)** ജോബ്പോർട്ടലിലേക്ക് കൂടുതൽ തൊഴിൽ ഉടമകളെ ആകർഷിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിനു മായി 14 ജില്ലകളിലും ജില്ലാഭരണകൂടത്തിന്റെയും ജില്ലാസ്കിൽ കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ ജില്ലാതല തൊഴിൽ മേളകൾ സംഘടിപ്പിച്ചു. തൊഴിൽ ഉടമകൾക്ക് അവർ നൽകിയിട്ടുള്ള തൊഴിൽ അവസരങ്ങൾക്ക് അപേക്ഷിച്ച |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർഥികളുടെ വിവരങ്ങൾ കാണുന്നതിനും അതിനനുസരിച്ച ഈ ഉദ്യോഗാർഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനുമുള്ള ഓപ്ഷൻ ജോബ്പോർട്ടലിൽ ലഭ്യമാക്കി. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ തീരുമാനിക്കുന്നതിനനുസരിച്ച് ഇമെയിലും SMSഉം മുഖേന അവരെ അറിയിക്കുന്നതിനുള്ള സംവിധാനവും സ്റ്റേറ്റ്ജോബ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. ജോബ്പോർട്ടലിൽ കൂടുതൽ ഉദ്യോഗാർത്ഥികളെ രജിസ്റ്റർ ചെയ്യിക്കുന്നതിന് യൂണിവേഴ്സിറ്റിയുടെ വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സ്റ്റേറ്റ് ജോബ് പോർട്ടലുമായി സംയോജിപ്പിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ജോബ്പോർട്ടലിനെ കൂടുതൽ ഉപയുക്ത സൗഹൃദം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സംസ്ഥാന ജോബ് പോർട്ടലുമായി സംയോജിപ്പിച്ചുകൊണ്ട് ഒരു സമഗ്രമായ ഡാറ്റാബാങ്ക് തയ്യാറാക്കുമോ; വിശദാംശം നൽകുമോ? | (സി) | **(സി)** യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സ്റ്റേറ്റ് ജോബ്പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ യൂണിവേഴ്സിറ്റികളിലും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട് നിലവിൽ 2,45,506 ഉദ്യോഗാർഥികളുടെ അടിസ്ഥാന വിവരങ്ങൾ പോർട്ടലിൽ സംയോജിപ്പിച്ച കഴിഞ്ഞു. എല്ലാ അധ്യയന വർഷത്തിന്റെ അവസാനത്തിലും യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സംയോജന പ്രക്രിയ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ